# അവസാനത്തെ പടവെട്ടൽ

മധുനായർ, വാഷിംഗ്ടൺ



ലോകചാമ്പ്യൻ പദവി നേടിയ ലാറിഹോംസ് തന്റെ ചാമ്പ്യൻഷിപ്പ്ബെൽട്ടുകൾ ഉയർത്തി വീശുന്നു

'ദി ലാസ്റ്റ് ഹുറാ'—അവസാനത്തെ പടവെട്ടൽ—എന്നാണതിനെ വിശേഷിപ്പിച്ചിരുന്നത്. ലോകത്തിലെ ഏററവും വലിയ ചൂതുകളി കേന്ദ്രമായ ലാസ്‌വെഗാസ്സിലെ പാർക്കിങ്ങ്‌ലോട്ടിൽ ഇരുപത്തയ്യായിരം ആളുകൾ സാക്ഷിയായിരിക്കേ ലോകം ഇന്നുവരെ കണ്ടിട്ടുള്ള ഏററവും വലിയ ബോക്സറെ എതിരാളി ലാറിഹോംസ് പരാജയപ്പെടുത്തി. പത്ത് റൗണ്ടിനകം തീരെ പരിക്ഷീണനായിത്തീർന്ന മുഹമ്മദാലിയെ സ്വന്തം ട്രയിനർ ആൻജലേ ഡൽഡ തന്നെ വീണ്ടും പയററുന്നതിൽനിന്നു വിലക്കി.

'ഇടികൊണ്ട് എനിക്ക് ശ്വാസം മുട്ടി. ഒരു കണക്കിന് ഇതവസാനിച്ചാൽമതിയെന്നായി. നിങ്ങളുടെ ഇനിയത്തെ ചാമ്പ്യൻ ഹോംസിനെ ഹൃദയംഗമമായി അഭിനന്ദിക്കുക. ഞാൻ തിരിച്ചുവരുന്നതുവരെ'.

മുപ്പത്തെട്ടു വയസ്സു കഴിഞ്ഞ അലിക്ക് ഇനിയൊരു തിരിച്ചുവരവുണ്ടാകുമെന്നു ആരും വിശ്വസിക്കുന്നില്ല. എന്നാലും അലിയുടെ നാക്കിന്റെ മൂർച്ച കുറയുന്നില്ല.

എന്താണ് അലിയുടെ മാഹാത്മ്യം? ശാരീരിക കഴിവിനു ഇത്ര ബഹുമാനം ലഭിക്കുമോ? എന്നാൽ ലോകം കിംഗ്കോംഗിനേയും ടാർസനേയും ഒക്കെ ഇത്രയധികം ബഹുമാനിക്കാത്തതെന്താണ്? കായികബലവും ഉശിരൻ ആദർശധീരതയും മൂർച്ചയേറിയ സംസാരരീതിയും കൂടെ ആയപ്പോൾ മുഹമ്മദാലി ആയി.

കെൻടക്കി സംസ്ഥാനത്തിലെ ലൂയിവിൽ എന്നു കൊച്ചുനഗരത്തിൽ പാവപ്പെട്ടവനായി ജനിച്ച അലിക്ക് നാലാംക്ലാസ്‌വരെ മാത്രമെ പഠിക്കാനൊത്തുള്ളു. പിൽക്കാലത്ത് ഈ ബുദ്ധിജീവി ഹാർവേഡ് സർവ്വകലാശാലയിൽ പോലും പ്രസംഗിക്കുകയുണ്ടായി. നോബൽ സമ്മാനം വാങ്ങിയിട്ടുള്ള പലരും നിരന്നിരിക്കുന്ന സദസ്സിൽ ഫിലോസഫി ഓഫ്‌ലിവിംഗിനെക്കുറിച്ച് ഒരു നാലാം ക്ലാസ്സ്‌കാരൻ പ്രസംഗിച്ചു.

'എന്റെ മുഖം എത്രയോ സുന്ദരമാണ്'. പല തവണ അലി ഇതാവർത്തിക്കുന്നതിൽ അരോചകം തോന്നിയവർ ധാരാളം കണ്ടേക്കാം. നൂററാണ്ടുകളോളം അടിമത്വത്തിൽ കഴിഞ്ഞ നീഗ്രോകൾക്ക് ഏററവും ആവശ്യം നട്ടെല്ലാണെന്നു അലി മനസ്സിലാക്കിയിരുന്നു. ബ്ലാക്ക് ഈസ് ബ്യൂട്ടിഫുൾ എന്ന ശൈലി തന്നെ കൊരുത്തെടുത്തു അലി. വെള്ളക്കാരനെ നിന്ദിക്കുവാൻ ഒരവസരവും പാഴാക്കാത്ത ഈ ചരിത്ര പുരുഷൻ സ്വന്തം പ്രശസ്തിപോലും മുറുകെ പിടിച്ചിരിക്കുന്ന ആദർശങ്ങൾക്കു വേണ്ടി ബലികഴിച്ചു.

'വിയററനാംകാർ നീഗ്രോകളെ ശല്യപ്പെടുത്തുന്നില്ലല്ലോ. പിന്നെ ഞാനെന്തിനു അവരെ കൊല്ലാൻ പോണം?'.

അലിയുടെ ഈ പ്രസ്താവന അമേരിക്കൻ ഭരണകൂടത്തിന്റെ ചൂക്കാൻ പിടിക്കുന്നവരെ വളരെക്കാലം ചൊടിപ്പിച്ചിരുന്നു. ലോകത്തിലെ മിക്ക രാജാക്കന്മാരുടേയും പ്രസിഡൻഡുമാരുടേയും അതിഥിയായിരിക്കാൻ അവസരം ലഭിച്ച അലിക്ക് ആദ്യമായി വൈററ്ഹൗസിൽ ഒരു ക്ഷണം ലഭിക്കുന്നത് ഈ ഇടക്കാലത്താണ്.

അലിയെ ഇടിച്ചു വീഴ്ത്തിയ ലാറിഹോംസിന്റെ മുഖത്ത് മ്ലാനതയാണ് കണ്ടത്.

'മുഹമ്മദാലി എന്റെ ഗുരുവാ

**"മുഹമ്മദലി എന്റെ ഗുരുവാണ്" അദ്ദേഹത്തെ ഇടിച്ചു വീഴ്ത്തുമ്പോഴും ലാറിഹോംസ് പറഞ്ഞു: "ലോകം കണ്ട ഏററവും വലിയ ബോക്സറാണദ്ദേഹം".**

ണ്. ലോകം കണ്ടിട്ടുള്ള ഏററവും മഹാനായ ബോക്സറാണദ്ദേഹം. ഒരു മുഹമ്മദാലി ഇല്ലായിരുന്നെങ്കിൽ ഞാനിന്നു് നേടിയ പദവിക്ക് ഈ ആകർഷണമൊന്നും ഉണ്ടാവില്ലായിരുന്നു'. ഗദ്ഗദ കണ്ഠത്തോടെയുള്ള ഹോംസ്സിന്റെ വാക്കുകളാണിത്.

ബോക്സിംഗിനു് ഇത്ര മാന്യത നേടിക്കൊടുത്തതു് മുഹമ്മദാലി തന്നെയാണെന്നുള്ളതിനു് രണ്ടു പക്ഷമില്ല. കളിക്കാർക്കു കിട്ടിയ പ്രതിഫലം തന്നെ നോക്കുക. ജയിച്ച ലാറി ഹോംസ്സിനു് 35 ലക്ഷം ഡോളർ, തോററ അലിക്കു് 80 ലക്ഷം ഡോളർ.

ലാസ്സ്‌വേഗാസ്സിൽ പയററ കഴിഞ്ഞതിനുശേഷം ക്ഷീണിതനായി കിടക്കുന്ന അലിയുടെ കിടക്കയരികിൽ ലാറി ഹോംസ്സ് വന്നു. നിറഞ്ഞ കണ്ണുകളോടെ ഇനിയൊരിക്കലും ബോക്സ് ചെയ്യരുതേ എന്നലിയോട് അഭ്യർത്ഥിച്ചു.

അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ മനസ്സാക്ഷിയായിത്തീർന്നിരിക്കുന്ന മുഹമ്മദാലി പരാജയപ്പെടുന്നതു് കാണാൻ എത്ര പേർക്കു് ആഗ്രഹം കാണും?



വിജയാനുഗ്രഹത്തോടെ ഒരു ചുംബനം: നിർണ്ണായകമായ ദിവസത്തിന്റെ തലേന്ന് അലിക്ക് അദ്ദേഹത്തിന്റെ പാചകക്കാരി ലാനാ ഷാബാസ്സ് വിജയം നേർന്നു ഉമ്മ നൽകുന്നു